**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1286 — 03.10.2016 – ൽ മറുപടിയ്ക്ക്

**എൻഡോസൾഫാൻ ദുരിത പരിഹാര സെൽ**

ചോദ്യം
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 3.2.2016-ൽ അന്നത്തെ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും സാന്നിദ്ധ്യത്തിൽ എൻഡോസൾഫാൻ സമര സമിതിയുമായി നടന്ന അനുരഞ്ജന ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിൽ നടപ്പിലാക്കിയതും അല്ലാത്തതുമായ തീരുമാനങ്ങൾ ഏതെല്ലാമാണ്; ഏതെങ്കിലും തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | 3.2.2016 ൽ അന്നത്തെ മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും സാന്നിദ്ധ്യത്തിൽ നടന്ന അനുരഞ്ജന ചർച്ചയിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | എൻഡോസൾഫാൻ ദുരിത പരിഹാര സെല്ലിന്റെ യോഗം അവസാനമായി ചേർന്നത് എപ്പോഴാണ്; പുതിയ സർക്കാർ നിലവിൽ വന്ന സാഹചര്യത്തിൽ സെൽ പുന:സംഘടിപ്പിക്കാനുള്ള നീക്കമുണ്ടോ; എങ്കിൽ ഇതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്? | (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായുള്ള ജില്ലാതല സെല്ലിന്റെ യോഗം 30.01.2016 ന് ആണ് അവസാനമായി ചേർന്നത്. സെൽ പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| | തീരുമാനങ്ങൾ | | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | സാങ്കേതികത്വം പരിഗണിക്കാതെ എൻഡോസൾഫാൻ ദുരിതാശ്വാസ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ 610 പേരെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. | 1 | 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടത്തിയ സ്പെഷലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയരായ 610 പേരെ കൂടി എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | കാസർഗോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തിലുള്ളവരെയും മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. കൂടാതെ സംസ്ഥാനത്ത് എവിടെ താമസിച്ചാലും കാസർഗോഡ് ജില്ലയിൽ മുമ്പ് താമസിച്ചിട്ടുണ്ടെങ്കിൽ അവർക്കും രോഗാവസ്ഥയുള്ള പക്ഷം ക്യാമ്പുകളിൽ പങ്കെടുക്കാവുന്നതാണ്. | 2 | കാസർഗോഡ് ജില്ലയിലെ എല്ലാ പഞ്ചായത്തിലുള്ളവരെയും, സംസ്ഥാനത്ത് എവിടെ താമസിച്ചാലും കാസർഗോഡ് ജില്ലയിൽ മുമ്പ് താമസിച്ചിട്ടുണ്ടെങ്കിൽ അവർക്കും രോഗാവസ്ഥയുള്ള പക്ഷം ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 3 | ക്യാമ്പുകളിൽ പരിശോധിക്കുമ്പോൾ ഡിസബിലിറ്റി എന്നത് വിശാലാർത്ഥത്തിൽ സ്ഥിരരോഗാവസ്ഥയുള്ള പക്ഷം എന്ന രീതിയിൽ പരിഗണിക്കാവുന്നതാണ്. | 3 | അടുത്ത് വരുന്ന ക്യാമ്പുകളിൽ പരിശോധിക്കുമ്പോൾ ഡിസബിലിറ്റി എന്നത് വിശാലാർത്ഥത്തിൽ സ്ഥിരരോഗാവസ്ഥയുള്ള പക്ഷം എന്ന രീതിയിൽ പരിഗണിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്. |
| 4 | ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രഖ്യാപിച്ച ദുരിതാശ്വാസം ലഭിക്കാത്ത സ്ഥിരവും ഗുരുതരവുമായ അസുഖമുള്ളവർക്ക് 3 ലക്ഷം രൂപയും മറ്റുള്ളവരെ രണ്ട് സ്ലാബായി തിരിച്ച് 2 ലക്ഷം, 1 ലക്ഷം എന്നിങ്ങനെ ധനസഹായം നൽകുവാനും തീരുമാനിച്ചു. സ്ലാബ് നിശ്ചയിക്കുന്നതിനായി ഡോ.എം.കെ.ജയരാജ് ചെയർമാനും ഡോ.മുഹമ്മദ് അഷീൽ, ഡോ.ടി.പി. അഷറഫ് എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിച്ചു. | 5 | പ്രത്യേക ധനസഹായത്തിൽ നിന്നും ഒഴിവാക്കപ്പെട്ടവരെ അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ 3 വിഭാഗങ്ങളായി തിരിച്ച് കാറ്റഗറി 1-ൽ ഗുരുതരമായ കേസുകൾ ഉൾപ്പെടുത്തി (most severe) 3 ലക്ഷം രൂപയും, കാറ്റഗറി 2-ൽ താരതമ്യേന ഗുരുതരമായ കേസുകൾ ഉൾപ്പെടുത്തി (lesser severe) 2 ലക്ഷം രൂപയും, കാറ്റഗറി രണ്ടിനേക്കാൾ ഗുരുതരാവസ്ഥ കുറവായ കേസുകൾക്ക് (less severity than second) ഒരു ലക്ഷം രൂപ നൽകുന്നതിനും ഇപ്രകാരം കാറ്റഗറി തിരിക്കുന്നതിനായി ഡോ.ജയരാജ്, പ്രിൻസിപ്പൽ, SMIH (ചെയർമാൻ), ഡോ.മൊഹമ്മദ് അഷീൽ, (DPM, NHM Kasaragod), ഡോ.അഷറഫ് (Executive Director, KSSM) എന്നിവർ അംഗങ്ങളായി കമ്മിറ്റി രൂപീകരിക്കുന്നതിനായും തീരുമാനം കൈക്കൊണ്ടിരുന്നു. |

| | | | |
|---|---|---|---|
| 5 | അടുത്ത മെഡിക്കൽ ക്യാമ്പ് 2016 ഫെബ്രുവരി അവസാന ആഴ്ചയിൽ ജില്ലയിലെ 5 സ്ഥലങ്ങളിൽ നടത്താൻ തീരുമാനിച്ചു. | 6 | ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷൻ വക കശുമാവിൻ തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തുകൾക്ക് പുറമെ ഇതര പഞ്ചായത്തുകളിൽ താമസിക്കുന്ന എൻഡോസൾഫാൻ ദുരിതബാധിതരായവരെ കൂടി ഉൾപ്പെടുത്തി ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുവാൻ നിർദ്ദേശിച്ച പ്രകാരം ഇതര പഞ്ചായത്തുകളിൽ താമസിക്കുന്നവർക്ക് കൂടി ക്യാമ്പിൽ പങ്കെടുക്കുന്നതിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകണമെന്ന ദുരിതബാധിതരുടെ അപേക്ഷ കണക്കിലെടുത്ത് 29.02.2016 വരെ സമയം അനുവദിക്കുകയുണ്ടായി.<br>തുടർന്ന് മാർച്ച് മാസത്തിൽ ക്യാമ്പ് നടത്താൻ നടപടി സ്വീകരിച്ചുവെങ്കിലും മാർച്ച് മാസത്തിൽ സ്കൂൾ വിട്ടു കിട്ടാത്ത അവസ്ഥ, ഡോക്ടർമാരുടെ അസൗകര്യം, അതോടൊപ്പം തിരഞ്ഞെടുപ്പ് പ്രഖ്യാപനവും വന്ന സാഹചര്യത്തിൽ മാർച്ച് മാസത്തിൽ ക്യാമ്പ് നടത്താൻ സാധിക്കാതെ വന്നിരുന്നു. ക്യാമ്പ് ഉടൻ നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 6 | കടം എഴുതിത്തള്ളുന്നതിന്റെ ഭാഗമായി ബാങ്കുകൾക്ക് തുക ഒരാഴ്ചക്കുള്ളിൽ നൽകി തുടങ്ങും. | 6 | എൻഡോസൾഫാൻ ദുരിതബാധിതർ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 50,000/-രൂപ വരെയുള്ള 559 ലോണുകൾ എഴുതിത്തള്ളുന്നതിലേക്കായി 94,96,499/- രൂപയും ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള 50,000/- രൂപവരെയുള്ള 119 ലോണുകൾ എഴുതിത്തള്ളുന്നതിലേക്കായി 25,35,450/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. (ആകെ 678 ലോണുകൾക്കായി 1,20,31,949/-രൂപ) കൂടാതെ 50000/-ന് മുകളിൽ ഉള്ള കടബാധ്യതകൾ എഴുതിതള്ളു ന്നതിലേക്ക് അർഹരായവരുടെ പട്ടിക തയ്യാറായിട്ടുണ്ട്. |
| 7 | കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഒരു ന്യൂറോളജിസ്റ്റിന്റെ സേവനം ഉടൻ ഏർപ്പെടുത്തും. | 7 | നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 8 | പെൻഷൻ വിതരണം കളക്ടറുടെ റിപ്പോർട്ട് ലഭ്യമായയുടൻ ആരംഭിക്കും. | 8 | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസ പെൻഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 9 | എൻഡോസൾഫാൻ ബാധിത മേഖലയിലുള്ള ബഡ്സ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകും. | 9 | 01.03.2016 ലെ മുൻ മന്ത്രിസഭാ യോഗ തീരുമാനം പ്രകാരം 25 ഓ അതിൽ കൂടുതലോ കുട്ടികൾ പഠിക്കുന്ന 34 ബഡ്സ് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ടി വിഷയം ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |